നിയമസഭ
അടിയന്തിരം

കേരള സർക്കാർ

ധനകാര്യ (പി.എസ്.എ.) വകുപ്പ്

നമ്പർ: 54 /2011/ധന. തീയതി, തിരുവനന്തപുരം, 26.08.2011

സർക്കുലർ

വിഷയം :- ***നിയമസഭാ നടപടികൾ ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി ചോദ്യോത്തരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ - സംബന്ധിച്ച്.***

സൂചന :- 1. നിയമസഭാ സെക്രട്ടറിയുടെ 29.06.2011-ലെ 1836/ക്യൂ.എൻ.ബി.3/2009/ലെജി. നമ്പർ കത്ത്.
2. പാർലമെന്ററികാര്യ (ബി) വകുപ്പിന്റെ 08.08.2011-ലെ 776/ബി1/2011/പി.എ.ഡി. നമ്പർ സർക്കുലർ.

നിയമസഭാ നടപടികൾ ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി നക്ഷത്ര ചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തുമായ ചോദ്യ-ഉത്തരങ്ങൾ ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കുന്നതിനോടനുബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. മുഖ്യമന്ത്രി/ധനമന്ത്രി മറുപടി നൽകാൻ നിശ്ചയിച്ചിരിക്കുന്ന ദിവസത്തിന്റെ തലേ ദിവസം നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യത്തിന്റെ മറുപടിയുടെ **16** പകർപ്പ് വിശദീകരണ കുറിപ്പും ഫയലും സഹിതം ധനകാര്യ (പി.എസ്.എ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.
2. മുഖ്യമന്ത്രി/ധനമന്ത്രി മറുപടി നൽകാൻ നിശ്ചയിച്ചിരിക്കുന്ന ദിവസത്തിന്റെ തലേ ദിവസം നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യത്തിന്റെ മറുപടിയുടെ **15** പകർപ്പ് ധനകാര്യ (പി.എസ്.എ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.
3. മുഖ്യമന്ത്രി/ധനമന്ത്രി മറുപടി നൽകാൻ നിശ്ചയിച്ചിരിക്കുന്ന ദിവസത്തിന്റെ തലേ ദിവസം 5 മണിക്ക് മുമ്പായി മറുപടി qnsans@niyamasabha.org. എന്ന ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെട്ട സെക്ഷനുകൾ നേരിട്ട് അയക്കേണ്ടതാണ്.
4. ഏതെങ്കിലും ചോദ്യത്തിനുള്ള മറുപടി "വിവരം ശേഖരിച്ചുവരുന്നു" എന്നുള്ളതാണെങ്കിൽ അന്തിമ മറുപടി **15** ദിവസത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണ്.
5. അന്തിമ മറുപടി നൽകുന്നതിന് ചോദ്യം ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തീയതിക്കുശേഷം **15** ദിവസത്തിൽ കൂടുതൽ അധികരിക്കാൻ പാടില്ല.
6. **15** ദിവസത്തിനുള്ളിൽ അന്തിമ മറുപടി നൽകാൻ കഴിഞ്ഞില്ലായെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് നടപ്പ് സമ്മേളനത്തിലോ അടുത്ത സമ്മേളനത്തിലോ നിയമസഭയിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളും കർശനമായി പാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

എം. രാഗിണി,
അണ്ടർ സെക്രട്ടറി (ധനകാര്യം).

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
സെക്ഷനുകൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in.